TB Movie Panel Weekly Review

**#moviepanel**

പാപ്പൻ

Written By Arjun Anand

മലയാള സിനിമയിൽ മമ്മൂട്ടിക്കും മോഹൻലാലിമുമൊപ്പം സൂപ്പർ താര കസേരയിൽ പ്രതിഷ്ഠിക്കപ്പെട്ട നടനാണ് സുരേഷ് ഗോപി...സുരേഷ് ഗോപിയെ ഒരു സൂപ്പർ താരം ആക്കുന്നതിലും ആ പദവിക്ക് കോട്ടം തട്ടാതെ വർഷങ്ങളോളം നിലനിർത്തി കൊണ്ടു പോകുന്നതിലും കാരണഭൂതരായവരിൽ ഏറ്റവും പ്രധാനപ്പെട്ട പേരുകളാണ് ഷാജി കൈലാസിന്റെയും ജോഷിയുടെയും...
രഞ്ജി പണിക്കരുടെ തീപ്പൊരി എഴുത്തുക്കളെ അതിനേക്കാൾ ഒരുപടി മുകളിൽ സുരേഷ്ഗോപിയിലൂടെ ദൃശ്യവത്കരിച്ചത് ഈ രണ്ടു പേരാണ്... അതുകൊണ്ട് തന്നെ ജോഷിയും സുരേഷ് ഗോപിയും വീണ്ടും ഒന്നിക്കുന്ന ചിത്രം എന്ന ഒരേ ഒരു കാരണം മാത്രം മതി ചിത്രത്തെക്കുറിച്ചുള്ള പ്രതീക്ഷകൾ വാനോളം ഉയരാൻ... ആ പ്രതീക്ഷകൾക്ക് ഒത്തു നിലവാരം പുലർത്തി ഇല്ലെങ്കിലും ഒരു തവണ കാണാവുന്ന ഒരു ശരാശരി ചിത്രമായാണ് പാപ്പൻ അനുഭവപ്പെട്ടത് ...

എബ്രഹാം മാത്യു മാത്തൻ എന്ന പോലീസ് ഉദ്യോഗസ്ഥൻ ആണ് കഥയിലെ നായകൻ... ഒരു കേസിൽ പ്രതിക്കെതിരെ തെളിവുകൾ കെട്ടിച്ചമച്ചു എന്ന് കോടതിക്ക് ബോധ്യപ്പെട്ടതിനെ തുടർന്ന് സെർവീസിൽ നിന്നും പുറത്താക്കപ്പെട്ട മാത്തൻ വർഷങ്ങൾക്കു ശേഷം പോലീസ് ഉദ്യോഗസ്ഥയായ മകൾ അന്വേഷിക്കുന്ന അതേ പ്രതി ഉൾപ്പെട്ട കേസിൽ ഇടപെടേണ്ടി വരുന്നതും തുടർന്നുള്ള സംഭവ വികാസങ്ങളും ആണ് ചിത്രം പറയുന്നത്..

ഒരു ഇടവേളക്ക് ശേഷം വരനെ ആവശ്യമുണ്ട് എന്ന ചിത്രത്തിലൂടെ വീണ്ടും സിനിമയിലേക്ക് വന്ന സുരേഷ് ഗോപിയെ കാണാൻ കഴിഞ്ഞത് ഒരല്പം സൗമ്യൻ ആയിട്ടാണ്... സംസാരത്തിലും ശരീര ചലനങ്ങളിലും കൂടുതൽ ശാന്തത കൈവരിച്ച കഥാപാത്രങ്ങൾ... പാപ്പനും മറിച്ചല്ല... പെട്ടെന്നു ക്ഷോഭിക്കാത്ത , ശാരീരികമായും മാനസികമായും അല്പം ക്ഷീണിതൻ ആയ ഒരു കഥാപാത്രം....പതിവ് മനറിസങ്ങളിൽ നിന്നും ഒരല്പം വ്യത്യസ്തമായി സുരേഷ് ഗോപി പാപ്പനെ മനോഹരമായി തന്നെ അവതരിപ്പിച്ചിട്ടുണ്ടെങ്കിലും ലേലവും പത്രവും വഴുന്നോരും ഒക്കെ ഒരുക്കിയ ജോഷിയുടെ ചിത്രത്തിൽ ആ പഴയ ഫയർ ബ്രാൻഡ് സുരേഷ് ഗോപിയെ പ്രതീക്ഷിച്ചെത്തുന്നവർ അല്പം നിരാശർ ആയേക്കാം...

R J ഷാനിന്റെ തിരക്കഥയിൽ ഒരു ഇൻവെസ്റ്റിഗറ്റീവ് ക്രൈം ത്രില്ലെറായി ഒരുക്കിയിരിക്കുന്ന ചിത്രത്തിന്റെ ഫ്രയിമുകളിൽ ഭൂരിഭാഗവും

അടുത്തിടെ ഇറങ്ങിയ ത്രില്ലർ സിനിമകളിൽ ഒക്കെയും കണ്ടു പരിചയിച്ച ഇരുളിമ നിറഞ്ഞ ഫ്രെയിമുകൾ ആണ്.. അജയ് ഡേവിഡ് കാച്ചപ്പിള്ളി ആണ് ഛായാഗ്രഹണം... ജെയ്ക്സ് ബെജോയുടെ പശ്ചാത്തല സംഗീതവും ചുരുക്കം ചില ഇടങ്ങളിൽ നന്നായി അനുഭവപ്പെടുമ്പോൾ മറ്റു ചില ഇടങ്ങളിൽ ഒക്കെയും അരോചകമായി തോന്നി...മികച്ച ഒരു സംഘട്ടന രംഗമോ മാസ്സ് എലെവേഷൻ രംഗങ്ങളോ ഒന്നുമില്ല ചിത്രത്തിൽ എന്നുള്ളത് നിരാശയ്ക്ക് കാരണമായേക്കാം ...ഒരു സസ്‌പെൻസ് ത്രില്ലറിൽ നിഗൂഢതയുടെ ചുരുളുകൾ അനാവരണം ചെയ്യപ്പെടുമ്പോൾ പ്രേക്ഷകന് ലഭിക്കുന്ന ഒരു കൗതുകമോ ആവേശമോ ഒന്നും തോന്നുന്ന വിധം തിരക്കഥ ഒരുക്കാൻ ഷാനിനു കഴിഞ്ഞിട്ടില്ല എന്ന് നിസംശയം പറയാം.. എങ്കിലും മാസ്റ്റർ ക്രാഫ്റ്റ്സ്മാൻ ജോഷിയുടെ മേക്കിങ് ഒരു പരിധിവരെ തിരക്കഥയുടെ പോരായ്മയെ മറികടക്കുന്നുണ്ട്...

നീത പിള്ള, കനിഹ,ഗോകുൽ സുരേഷ്,ഷമ്മി തിലകൻ, വിജയരാഘവൻ,ശ്രീജിത്ത് രവി, ടിനി ടോം, അജ്മൽ അമീർ, നൈല ഉഷ, രാഹുൽ മാധവ് തുടങ്ങി ഒരു പിടി താരങ്ങൾ ഉണ്ട് ചിത്രത്തിൽ... സുരേഷ് ഗോപി തന്നെ ഒരു അഭിമുഖത്തിൽ പറഞ്ഞ വാക്കുകൾ കടമെടുത്താൽ ജീവിതത്തിൽ സുരേഷ്ഗോപിയും ഗോകുലും തമ്മിൽ പ്രത്യക്ഷത്തിൽ അനുഭവപ്പെടാത്ത ഒരു കെമിസ്ട്രി ചിത്രത്തിൽ അനുഭവപ്പെടുന്നുണ്ട്... അച്ഛനുമായി അഭിപ്രായ വ്യത്യാസമുള്ള, പോലീസ് ഉദ്യോഗസ്ഥയായ വിൻസി എന്ന കഥാപാത്രമായി വിശ്വസനീയമായ പ്രകടനം കാഴ്ച വയ്ക്കുന്നുണ്ട് നീത പിള്ള... ചിത്രത്തിൽ ഏറ്റവും മികച്ചതായി തോന്നുന്നത് ഇടവേളക്ക് ശേഷം ജയിലിന്റെ മുൻപിൽ വച്ചുള്ള സുരേഷ്ഗോപിയുടെയും ഷമ്മി തിലകന്റെയും കഥാപാത്രങ്ങൾ തമ്മിലുള്ള ഒരു രംഗമാണ്.. ആ രംഗത്തിൽ ഷമ്മി തിലകന്റെ പ്രകടനം കയ്യടി അർഹിക്കുന്നുണ്ട്...

മൂന്നു മണിക്കൂറിനു അടുത്തുള്ള ദൈർഘ്യവും പ്രേക്ഷകനെ ആവേശം കൊള്ളിക്കാൻ പാകമാകാത്ത തിരക്കഥയും തന്റെ അനുഭവസമ്പത്തും കാലത്തിനു അനുസരിച്ചുള്ള മാറ്റങ്ങൾ ഉൾക്കൊണ്ടുള്ള സംവിധാന ശൈലിയും കൊണ്ട് ജോഷിക്ക് മറികടക്കാനാവുന്നുണ്ട് എന്നുള്ളത് കൊണ്ട് തന്നെ ഒരു വട്ടം കാണാവുന്ന ചിത്രമായി മാറുന്നുണ്ട് പാപ്പൻ...ഒരു ഗംഭീര തിരക്കഥ ലഭിച്ചാൽ ഇനിയും പ്രേക്ഷകനെ ഞെട്ടിക്കാൻ ഉള്ള വക ഇപ്പോഴും തങ്ങളുടെ കൈയിൽ ഉണ്ടെന്നു തെളിയിക്കുന്നുണ്ട് ജോഷിയും സുരേഷ്ഗോപിയും... അങ്ങനെ ഒന്ന് ഉണ്ടാവട്ടെ എന്ന് ആശംസിക്കാം...